**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 634** | **02-02-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ മണ്ഡലത്തിൽ ആരംഭിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | **ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ മണ്ഡലത്തിൽ 1090 സംരംഭങ്ങളിലായി 57.18 കോടി രൂപയുടെ നിക്ഷേപവും 2176 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ ഉൽപ്പാദന സേവന മേഖലയിലെ സൂക്ഷ്മ – ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് പുറമേ കച്ചവട സ്ഥാപനങ്ങളും ഉൾപ്പെടുന്നു. സൂക്ഷ്മ – ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രധാനമായും കാർഷിക ഭക്ഷ്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ ഗാർമെന്റ് യൂണിറ്റുകൾ ലൈറ്റ് എഞ്ചിനിയറിംഗ് മരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ വിഭാഗത്തിൽപ്പെടുന്നതാണ്. പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിഭാഗം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.**<br><br>**വിഭാഗം** – **യൂണിറ്റുകളുടെ എണ്ണം**<br>ഉൽപ്പാദന മേഖല – 302<br>സേവന മേഖല – 397<br>കച്ചവട മേഖല – 391<br>**ആകെ** – **1090** |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം ഇരിക്കൂർ മണ്ഡലത്തിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ഇരിക്കൂർ മണ്ഡലത്തിലെ ടാർഗറ്റ് 1085 യൂണിറ്റ് ആയിരുന്നു. നിലവിൽ 10 മാസം കൊണ്ട് 1090 യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇവയിൽ 2176 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ രീതിയിൽ ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ആകെ 2611 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ